പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1693 — 16.03.2015 - ൽ മറുപടിയ്ക്ക്

## മിഷൻ 676- സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ പദ്ധതികൾ

ചോദ്യം

ശ്രീ. വി.പി. സജീന്ദ്രൻ

ശ്രീ. എം.പി.വിൻസെന്റ്

ശ്രീ. വർക്കല കഹാർ

ശ്രീ. എ.റ്റി.ജോർജ്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മിഷൻ 676 - ൽ ഉൾപ്പെടുത്തി ഭിന്നശേഷിയുള്ളവർ ഉൾപ്പെടെയുള്ളവർക്ക് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷക്കായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി ഭിന്നശേഷിയുള്ളവർ ഉൾപ്പെടെയുള്ളവർക്ക് സമ്പൂർണ്ണ സുരക്ഷക്കായി 3 പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് |
| (ബി) | മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) | മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. നിർഭയ പദ്ധതി<br>2. ശാരീരിക വൈകല്യമുള്ള വനിതകൾക്കായി തിരുവനന്തപുരത്ത് പുതിയ കെട്ടിടനിർമ്മാണം.<br>3. സാമൂഹ്യപുനരധിവാസ കേന്ദ്രങ്ങൾക്കായി 500 സന്നദ്ധ സേവകരെ നിയമിക്കും.<br>4. സർക്കാർ സാമൂഹ്യ സംഘടന കൂട്ടായ്മയിൽ ക്ഷേമ പദ്ധതികൾ ആരംഭിക്കും.<br>5. അട്ടപ്പാടി മേഖലയിലെ പട്ടിക വർഗ്ഗ കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനായി പദ്ധതികൾ ആരംഭിക്കും<br>6. ഹീമോഫിലിയ രോഗികൾക്ക് മാസത്തിൽ 1000/ രൂപ വീതം പെൻഷൻ<br>7. കേഴ്വി സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനായി 40 ആശുപത്രികളിൽ Oto Acoustic Emission (OAE) സ്ഥാപിക്കും. |

<table>
<tr>
<td></td>
<td></td>
<td></td>
<td>8. വൃക്ക/കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരായവർക്ക് മാസത്തിൽ 1000/ രൂപ വീതം പെൻഷൻ.<br>9. ആശ്വാസകിരണം സഹായം പോസ്റ്റൽ സേവിംഗ്സ് ബാങ്ക് മുഖേനയും മറ്റ് എല്ലാവിധ ധനസഹായങ്ങളും RTGS- Core banking മുഖേനയും നൽകും.<br>10. നിഷിനെ National University for disabilities and rehabiliation ആയി ഉയർത്തും.<br>11. Gender Awareness Programme -ന് കീഴിലുള്ള സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തും.<br>12. എറണാകുളത്ത് ഷീ-ടാക്സി സംവിധാനം ഏർപ്പെടുത്തും.<br>13. തിരുവനന്തപുരത്ത് പരീക്ഷണ അടിസ്ഥാനത്തിൽ ഫുഡ് ഓൺ വീൽസ് ഫോർ വുമൺ (ഷീ ഷോപ്പ്) നടപ്പിലാക്കും.</td>
</tr>
<tr>
<td>(സി)<br><br><br><br>(ഡി)</td>
<td>പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;<br><br>പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?</td>
<td>(സി)<br>&<br>(ഡി)</td>
<td>പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് രൂപരേഖ തയ്യാറാക്കുന്നതിനായി ശില്പ ശാലകൾ സംഘടിപ്പിക്കുകയും സബ്ജക്റ്റ് എക്സ്പെർട്ടുകളുടെ മീറ്റിംഗ് വിളിച്ച് ചേർക്കുകയും ചെയ്യുകയുണ്ടായി. പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>പദ്ധതി</th><th>സ്വീകരിച്ച നടപടികൾ</th></tr>
<tr><td>1</td><td>നിർഭയ പദ്ധതി</td><td>പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. 9 ജില്ലകളിലായി 10 നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുകയും 14 ജില്ലാ ആശുപത്രി കളിലും 7 താലൂക്ക് ആശുപത്രി കളിലും one stop crisis cell പ്രവർത്തന മാരംഭിക്കുകയും ചെയ്തിട്ടുണ്ട്.</td></tr>
</table>
</td>
</tr>
</table>

| | | | | | |
|---|---|---|---|---|---|
| | | | 2 | ശാരീരിക വൈകല്യമുള്ള വനിതകൾക്കായി തിരുവനന്തപുരത്ത് പുതിയ കെട്ടിട നിർമ്മാണം. | കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും 7.08.2014-ന് കെട്ടിടത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. |
| | | | 3 | സാമൂഹ്യപുനരധിവാസ കേന്ദ്രങ്ങൾക്കായി 500 സന്നദ്ധ സേവകരെ നിയമിക്കും. | പദ്ധതി നടത്തിപ്പിനുള്ളഭരണാനുമതി നൽകിയതു പ്രകാരം വകുപ്പിന്റെ കീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപനങ്ങളിലും കെയർ പ്രൊവൈഡർ മാരെയും സ്കിൽഡ് സ്റ്റാഫിനേ യും നിശ്ചിത കാലയളവിൽ അനുവദിച്ചിട്ടുണ്ട് |
| | | | 4 | സർക്കാർ സാമൂഹ്യ സംഘടന കൂട്ടായ്മ യിൽ ക്ഷേമ പദ്ധതികൾ ആരം ഭിക്കും | 14 സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ 14 വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് 3.75 കോടി രൂപയുടെ ഭരണാനുമതി നൽകുകയും വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിനായി സന്നദ്ധ സംഘടനകൾ സമർപ്പിച്ച അപേക്ഷകളിൽ നിന്നും വൃദ്ധസദനം നടത്തുന്നതിന് credible NGO's നെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| | | | 5 | അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനായി പദ്ധതികൾ ആരംഭിക്കും | അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്ടിലെ അങ്കണവാടികളിൽ പ്രീ-സ്കൂൾ സാധനങ്ങൾ വാങ്ങുന്നതിനും, അട്ടപ്പാടിയിലെ Tribal girls club-ലേയ്ക്ക് sports |

| | | |
|---|---|---|
| | | kit വാങ്ങുന്നതിനും ഉദ്ദേശിച്ച് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. |
| 6 | ഹീമോഫിലിയ രോഗികൾക്ക് മാസത്തിൽ 1000/ രൂപ വീതം പെൻ ഷൻ | പദ്ധതി നടപ്പിലാക്കി കഴിഞ്ഞു |
| 7 | കേഴ്വി സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനായി 40 ആശുപത്രികളിൽ Oto Acoustic Emission (OAE) സ്ഥാപിക്കും. | Oto Acoustic Emission (OAE) ഉപകരണം വാങ്ങി 40 സർക്കാർ ആശുപത്രികളിൽ നൽകി കഴിഞ്ഞു. |
| 8 | വൃക്ക/കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരായവർക്ക് മാസത്തിൽ 1000/ രൂപ വീതം പെൻഷൻ | പദ്ധതി നടപ്പാക്കിക്കഴിഞ്ഞു |
| 9 | ആശ്വാസ കിരണം സഹായം പോസ്റ്റൽ സേവിംഗ്സ് ബാങ്ക് മുഖേനയും മറ്റ് എല്ലാവിധ ധനസഹായങ്ങളും RTGS-Core banking മുഖേനയും നൽകും. | പോസ്റ്റൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന ധനസഹായം വിതരണം നടത്തുന്നതിന് ഗുണഭോക്താക്കളിൽ നിന്നും അക്കൗണ്ട് സംബന്ധിച്ച വിശദാംശം ശേഖരിക്കുകയും ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ഐ.കെ.എം-ന് ചുമതല നൽകുകയും ചെയ്തു. മറ്റ് സാമ്പത്തിക ഇടപാടുകൾ RTGS Transfer ആയി നൽകുന്നതിനുള്ള നടപടി നിശ്ചിത കാലയളവിനുള്ളിൽ തന്നെ സ്വീകരിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | 10 | നിഷിനെ National University for disabilities and rehabilitation ആയി ഉയർത്തും | കരട് ബിൽ നിയമ വകുപ്പിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട് |
| | | | 11 | Gender Awareness Programme -ന് കീഴിലുള്ള സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തും. | 6.5.2014 ലെ സ.ഉ (സാധാ) നം. 295/15/സാനീവ പ്രകാരം ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന് ഫണ്ട് കൈമാറുകയും ചെയ്തിട്ടുണ്ട് |
| | | | 12 | എറണാകുളത്ത് ഷീ-ടാക്സി സംവിധാനം ഏർപ്പെടുത്തും | തിരുവനന്തപുരത്തും എറണാകുളത്തും ഷീ-ടാക്സി സംവിധാനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ് |
| | | | 13 | തിരുവനന്തപുരത്ത് പരീക്ഷണാടിസ്ഥാനത്തിൽ ഫുഡ് ഓൺ വീൽസ് ഫോർവുമൺ ഷീ ഷോപ്പ് നടപ്പിലാക്കും | ജെൻഡർപാർക്കിൽ നിന്ന് ലഭ്യമാക്കിയ പ്രൊപ്പോസൽ ശുപാർശ ചെയ്ത് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ